

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രാമങ്കരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയി® : ddhglfalpy@gmail.com

ഫോ® : 0477-2252753

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ-എ.എൽ.പി/പി 10 - 959/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/11/2024
ഇ-മെയി® : ddhglfalpy@gmail.com
ഫോ® : 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമങ്കരി ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുടൻ® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പ® : കെ.എസ്.എ-എ.എൽ.പി/പി 10 - 959/2024 തീയ്യതി: 29/11/2024

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ®ട്ട്.

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുത® 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുക® ന® കിയതി® 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ® :

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ ബി.	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	17-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	17-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥ® :

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ടീനു ടോം, ഓഡിറ്റർ

(ബി)നി® വഹണാധികാരിക®

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ആർ. രാജേന്ദ്രകുമാർ	പ്രസിഡന്റ്	01-04-2023	31-03-2024
ജെനിമോൻ എസ്	സെക്രട്ടറി	01-04-2023	21-07-2023
ജെനിമോൻ എസ്	സെക്രട്ടറി	15-08-2023	20-03-2024
സജി പി	സെക്രട്ടറി	22-07-2023	14-08-2023
സജി പി	സെക്രട്ടറി	21-03-2024	31-03-2024

നി® വ്വഹണഉദ്യോഗസ്ഥ®

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വിഷ്ണു	കൃഷി ഓഫീസർ	01-04-2023	18-05-2023
അശ്വനി കെ. എസ്.	കൃഷി ഓഫീസർ	19-05-2023	15-06-2023
രാഖി ജി ആർ.	കൃഷി ഓഫീസർ	16-06-2023	31-03-2024
ഡോ.വിബിൻ വി.	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ. വിനോദ് പി.	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി .)	01-04-2023	31-03-2024

ഡോ. ബിന്ദു ഇ. ആർ.	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	12-07-2023
ഡോ. വിനീത പി.എം.	മെഡിക്കൽ ഓഫീസർ(ഹോമിയോ)	13-07-2023	31-03-2024
ഡോ.ദീപ എസ്.	മെഡിക്കൽ ഓഫീസർ, (ആയുർവേദം)	01-04-2023	10-08-2023
ഡോ. ഷീജാബീവി എസ്	മെഡിക്കൽ ഓഫീസർ, (ആയുർവേദം)	11-08-2023	14-02-2024
ഡോ. വിഷ്ണുപ്രിയ സി എസ്	മെഡിക്കൽ ഓഫീസർ, (ആയുർവേദം)	15-02-2024	31-03-2024
അമൃതലക്ഷ്മി എസ്.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
മോളിക്കുട്ടി കെ. എം.	ഹെഡ്മിസ്ട്രസ്, ഗവ.എൽ. പി എസ്,	01-04-2023	31-05-2023
അമ്പിളി എസ്.	ഹെഡ്മിസ്ട്രസ്, ഗവ.എൽ. പി എസ്,	01-06-2023	31-03-2024
ലില്ലിക്കുട്ടി കെ.എം.	അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി	01-04-2023	02-05-2023
നിമ്മി ഷാജി	അസിസ്റ്റന്റ് എഞ്ചിനിയർ, എൽ	03-05-2023	15-06-2023

	എസ് ജി ഡി		
ജോൺസി ജോർജ്	അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി	16-06-2023	03-07-2023
ബെനഡിക്റ്റ് വി. ജെ.	അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി	05-07-2023	31-03-2024
സിനി എസ്. നായർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
പ്രസീത വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	26-09-2023
ജോബിൻ കുര്യൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	27-09-2023	16-10-2023
അഭിരാജ് എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	17-10-2023	29-11-2023
സ്മിത ആർ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	30-11-2023	31-03-2024
കുഞ്ഞുമോൻ എ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	18-07-2023
സജി പി.	അസിസ്റ്റന്റ് സെക്രട്ടറി	19-07-2023	31-03-2024

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച തുകകൾ എ.എഫ്.എസ്. ൽ ഉൾപ്പെട്ടിട്ടില്ല	1-1-2
4	വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മന്റുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	1-3
7	ഗ്രാന്റ് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമപദ്ധതികൾ	1-7
11	ക്യാഷ് വെരിഫിക്കേഷൻ	1-8
12	ആഭ്യന്തര നിയന്ത്രണം	1-9

13	ഓഡിറ്റ് ഇംപാക്ട് -തൊഴിലുറപ്പ് പദ്ധതിയിൽ അധികം അനുവദിച്ച 6,327/-രൂപ തിരികെ ഒടുക്കി	1-10
14	ഓഡിറ്റ് ഇംപാക്ട് - വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിലും അധികമായി അനുവദിച്ച 800/-രൂപ തിരികെ അടച്ചു	1-11
15	തൊഴിൽ നികുതി -എല്ലാ സ്രോതസ്സുകളിൽ നിന്നും ഈടാക്കുന്നില്ല -തനത് വരുമാനം കുറയുന്നതിന് കാരണമാകുന്നു	1-12
16	കെട്ടിടത്തിന്റെ ശരിയായ ഉപയോഗക്രമം ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല- തമൂലം നികുതി ഈടാക്കുന്നതിൽ കുറവുണ്ടാകുന്നു	1-13
17	കെട്ടിട നമ്പരില്ലാത്ത കെട്ടിടത്തിൽ പഞ്ചായത്തിന്റെ ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നു	1-14
18	വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണം നാളിതുവരെയും പൂർത്തിയാക്കിയില്ല	1-15
19	വസ്തു നികുതി പരിഷ്ക്കരണം -6-ാം വാർഡിലെ ഒരു പ്രദേശം മേഖല വിഭജനം സംബന്ധിച്ച വിജ്ഞാപനത്തിൽ ഉൾപ്പെട്ടില്ല	1-16
20	കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല	1-17
21	പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന്റെ യഥാർത്ഥ ബാധ്യത തിട്ടപ്പെടുത്തിയില്ല	1-18

22	കുടിവെള്ളവിതരണം - ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല	1-19
23	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾകൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ തുക നൽകിയില്ല	1-20
24	അങ്കണവാടി പോഷകാഹാര പദ്ധതി - ന്യൂനതകൾ	1-21
25	വാഹനത്തിന്റെ ലോഗ്ബുക്ക് ശരിയാംവിധം സൂക്ഷിക്കുന്നില്ല	1-22
26	ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല	1-23
27	ഫെസ്റ്റിവൽ അഡ്വാൻസ് -5,000/-രൂപ തിരികെ ഈടാക്കിയില്ല	1-24
28	ഹോമിയോ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-25
29	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല	1-26
30	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-27
31	മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗ്രാവൽ ഉപയോഗിച്ചുള്ള മൺപ്രവൃത്തികൾ മാത്രമാകുന്നു - ദീർഘ കാല അടിസ്ഥാനത്തിലുള്ള ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല	1-28
32	ജി.എസ്.ടി. അധിക നിരക്കിൽ നൽകി	1-29

33	സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കിയില്ല	1-30
34	സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്	1-31
35	എം.ജി.എൻ.ആർ.ഇ.ജി.എസ്.-മൂലശ്ശേരി മുതൽ കൊച്ചുതറ വരെ റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തി (വാർഡ് -2) നിർവ്വഹണത്തിലെ അപാകതകൾ	1-32
36	കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ജി.എസ്.ടി. അധിക നിരക്കിൽ നൽകി	3-1
2	സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്	3-2
3	എം.ജി.എൻ.ആർ.ഇ.ജി.എസ്.-മൂലശ്ശേരി മുതൽ കൊച്ചുതറ വരെ റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തി (വാർഡ് -2)-സിമന്റിന് അധികം തുക അനുവദിച്ചു	3-3
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2

3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2024 ലെ 1/1-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള

അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62(2)(എഫ്)-ൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച തുകകൾ എ.എഫ്.എസ്. ൽ ഉൾപ്പെട്ടിട്ടില്ല

ഓഡിറ്റ് റിക്കവറി (RP-10) 180400103 – എന്ന ഹെഡ്ഡിൽ വാർഷിക കണക്ക് പ്രകാരം 6,106/- രൂപയാണ് ഉൾപ്പട്ടിട്ടുള്ളത്. എന്നാൽ തുകയുടെ വിശദാംശം ലഭ്യമല്ല.
കൂടാതെ ഈ ഇനത്തിൽ തൻ വർഷം ലഭിച്ച ചുവടെ ചേർത്തിരിക്കുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(എ) വെറ്ററിനറി സർജൻ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 3-8 പ്രകാരം ഈടാക്കിയ 40,560/- രൂപ 01.07.23 ൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട് (ചെല്ലാൻ നം.KL 10837260202324).

(ബി) 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-24 ൽ കുടുംബശ്രീ, രാമങ്കരി 70,000/- രൂപ 22.01.24 തീയതിയിലെ ചെക്ക് നം. 037867/19.01.2024 പ്രകാരം ഒടുക്കിയിട്ടുണ്ട്. ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ 2023-24 വർഷം ലഭിച്ച തുക കൃത്യമായി ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്.

1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 27.03.2023 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 13.02.2024 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

	വരവ്	ചെലവ്

ബജറ്റ് പ്രകാരം	16,53,84,350	16,51,89,700
വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം)	10,83,00,966	10,73,57,576

1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	1,07,60,999
വരവ്	2,98,24,725
ആകെ	4,05,95,724
ചെലവ്	2,93,47,762
നീക്കിയിരിപ്പ്	1,12,47,962

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	സോഴ്സ് ഡിഡക്ഷൻ	ആകെ	ചെലവ്	നീക്കിയിരുപ്പ്/ ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	0	97,52,570	13,97,430	1,11,50,000	**81,52,954**	29,97,046
വികസനഫണ്ട് (എസ്.സി.പി)	0	25,53,058	2,00,315	27,53,373	25,99,655	1,53,718
മെയിന്റനൻസ് ഫണ്ട് -റോഡ്	0	62,29,350	-	62,29,350	54,37,440	7,91,910
മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്	0	23,84,000	-	23,84,000	23,83,620	380

ധനകാര്യ കമ്മീഷൻ ഗ്രാന്റ്BASIC	6,77,968	18,83,982 (പലിശ 37,982 ഉൾപ്പെടെ)	-	25,61,950	11,02,289	14,59,661 (ബാങ്ക്)
ധനകാര്യ കമ്മീഷൻ ഗ്രാന്റ് TIED	9,15,084	13,85,000	-	23,00,084	17,15,126	5,84,958 (ബാങ്ക്)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
175	7,22,26,882	117	3,78,10,979	21	37	66.87

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	490	8,04,733	8,05,223	8,04,698	525
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	4,02,93,719	4,02,93,719	4,02,93,719	0
ആകെ	490	4,10,98,452	4,10,98,942	4,10,98,417	525

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെഎണ്ണം
കർഷക തൊഴിലാളി പെൻഷൻ	92,38,200	809
വിധവാ പെൻഷൻ	43,30,000	387
വാർദ്ധക്യകാല പെൻഷൻ	93,60,200	862
വികലാംഗ പെൻഷൻ	16,44,800	147
അവിവാഹിത പെൻഷൻ	2,35,200	175
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	30,000	1

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.10.2024 തീയതിയിൽ 3.30 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,600/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിഭാഗം ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

2) വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4) സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വരുമാന നഷ്ടമുണ്ടാകുന്നു.

5) പഞ്ചായത്തിൽ വിവിധ വ്യാപാരങ്ങളിലും തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്ക് പെർമനന്റ് ഡിമാന്റ് നമ്പർ നൽകി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

1-10 ഓഡിറ്റ് ഇംപാക്ട് -തൊഴിലുറപ്പ് പദ്ധതിയിൽ അധികം അനുവദിച്ച 6,327/-രൂപ തിരികെ ഒടുക്കി

2023-24 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ മസ്റ്റർ റോൾ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ അർഹമായതിലും അധികതുക വേതനമിനത്തിൽ ചില തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നല്കിയതായി കാണുന്നു. NREGS പ്രവൃത്തികളുടെ മസ്റ്ററോൾ പ്രകാരം സൈറ്റിൽ ജോലിയ്ക്ക് ഹാജരാകാത്ത ദിവസങ്ങളിൽ ചില തൊഴിലാളികൾക്ക് വേതനം നല്കിയതിനാലാണ് ഇപ്രകാരം തുക അധികം നൽകിയത്. അധികം തുക അനുവദിച്ചതിൽ കുറച്ച് തുക ഇവരിൽ നിന്നും തിരികെ ഈടാക്കിയിരുന്നു. അവശേഷിച്ച 6,327/-രൂപ ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.05/09.10.24) നൽകിയതിനെ തുടർന്ന് ടി തുക 16.10.24 ലെ 1240100733 നം. രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഫണ്ടിൽ നിന്നും ടി തുക എൻ.ആർ.ഇ.ജി.എ. ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

1-11 ഓഡിറ്റ് ഇംപാക്ട് - വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിലും അധികമായി അനുവദിച്ച 800/-രൂപ തിരികെ അടച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ-വി.ഇ.ഒ.

പ്രോജക്ട് നം. S0169/24

പ്രോജക്ടിന്റെ പേര് - വ്യക്തിഗത ടോയ്‌ലറ്റ്

ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ് & കേന്ദ്രാവിഷ്കൃത ഫണ്ട്

അടങ്കൽ -3,08,000/-

ചെലവ് -77,000/-[17,000/-(13600/-342/18.03.24 : 3400/- 358/24.03.24)

60,000/- (22300907/30.03.24)]

പദ്ധതിയുടെ ഭാഗമായി അഞ്ച് ഗുണഭോക്താക്കൾക്ക് വ്യക്തിഗത ടോയിലറ്റ് നിർമ്മാണത്തിന് 15,400/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ച അനിരുദ്ധൻ, നളിനി ഭാസ്കരൻ എന്നിവരുടെ ഫയൽ പരിശോധിച്ചതിൽ ഓവർസിയർ, LID&EW നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം 15,000/- രൂപക്കാണ് പ്രവൃത്തി പൂർത്തിയാക്കിയത്. വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിലും അധികമായി ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം (നം.20/14.10.24) നൽകിയതിനെ തുടർന്ന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം അനുവദിച്ച 800/-രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി (രസീത് നം.1240100734/16.1024) മറുപടി ലഭ്യമാക്കി. ടി തുക പ്രസ്തുത ഫണ്ടിൽ അടച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

<u>1-12 തൊഴിൽ നികുതി -എല്ലാ സ്രോതസ്സുകളിൽ നിന്നും ഈടാക്കുന്നില്ല -തനത് വരുമാനം കുറയുന്നതിന് കാരണമാകുന്നു</u>

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205ബി, 205 സി, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം-13,14 എന്നിവ പ്രകാരം സെക്രട്ടറിക്ക് കെട്ടിട ഉടമയോടോ, തൊഴിലുടമയോടോ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ എല്ലാവരുടെയും ലിഖിതമായ ഒരു ലിസ്റ്റ് ശമ്പളത്തെയോ, വരുമാനത്തെയോ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം ആവശ്യപ്പെടാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ, ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ എ.ഡി(10) ക്ഷീരവ്യവസായ സംഘത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ,

തീയതി എന്നിവ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/10.10.2024) ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിന് അറിയിപ്പ് നൽകി തുടർ നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്.

ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ അർധവാർഷിക വരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കി, അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിശ്ചയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

II) ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. ഇത് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.15/10.10.2024) നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി അടക്കുന്നതുമായി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചു വരുകയാണെന്നാണ് സെക്രട്ടറി അറിയിച്ചു.

1) കെ.കെ.വർക്കി

2) ജോളി ജോസഫ്

3) ശ്യാം

4) സച്ചു കുര്യാക്കോസ്

5) ശ്രീനാഥ് പി.വി.

6) ഗ്രിഗറി സി.

നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

III) <u>ഓഡിറ്റ് ഇംപാക്ട് -3,750/- രൂപ തൊഴിൽ നികുതി അടവാക്കി</u>

പ്രസ്തുത ഓഡിറ്റ് അന്വേഷണം (നം.15/10.10.2024)നൽകിയതിനെ തുടർന്ന് ചുവടെ ചേർക്കുന്ന കരാറുകാർ പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചു.

ക്രമ നം.	കരാറുകാരന്റെ പേര്	അടവാക്കിയ തുക	രസീത് നം., തീയതി
1	കെ.എക്സ്.വർഗീസ്	1,250/-	1240100730, 16.10.2024
2	ജെയിംസ് ആന്റണി അലോഷ്യസ്	1,250/-	1240100732, 16.10.2024
3	ജോജി ജോസഫ്	1,250/-	1240100731, 16.10.2024

1-13 കെട്ടിടത്തിന്റെ ശരിയായ ഉപയോഗക്രമം ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല- തുടർന്ന് നികുതി ഈടാക്കുന്നതിൽ കുറവുണ്ടാകുന്നു

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റ ബേസ് പരിശോധിച്ചതിൽ 3/154(20 ച. മീ), 3/155(40 ച. മീ) എന്നീ കെട്ടിടങ്ങൾ ഐ.കെ തോമസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ (ലൂർദ് ഹോസ്പിറ്റൽ) ആശുപത്രി എന്ന ഉപയോഗക്രമത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ നിലവിൽ പ്രസ്തുത ആശുപത്രി പ്രവർത്തിക്കുന്നില്ല എന്നതും ആശുപത്രി കെട്ടിടത്തിൽ നിലവിൽ ഒരു കള്ള് ഷാപ്പാണ് പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ചും, നിലവിലും ടി കെട്ടിടം സഞ്ചയ ഡേറ്റാബേസിൽ ആശുപത്രി എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി (നം.6 /09.10.2024) യുടെ അടിസ്ഥാനത്തിൽ പഞ്ചായത്തധികൃതർ ടി കെട്ടിടങ്ങൾ പരിശോധിക്കുകയും, 3/154, 3/155 നമ്പർ കെട്ടിടങ്ങൾ നിലവിൽ അടഞ്ഞ് കിടക്കുകയും, എന്നാൽ സഞ്ചയയിൽ ആശുപത്രി ഉപയോഗക്രമത്തിൽ ഉൾപ്പടുത്തിയിരിക്കുന്ന 3/151, 152, 153 കെട്ടിടങ്ങളിൽ ആശുപത്രി പ്രവർത്തിക്കുന്നില്ലായെന്നും, അവിടെ കള്ള് ഷാപ്പാണ് പ്രവർത്തിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിന് കെട്ടിടത്തിന്റെ പ്ലാൻ, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സഹിതം അടിയന്തിരമായി അപേക്ഷ സമർപ്പിക്കാൻ ഉടമയ്ക്ക് നിർദ്ദേശം നൽകിയതിൻ പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയിൽ നിലവിൽ കേസ് (High Court RFA No.130/2022) ഉള്ളതിനാലാണ് ഉപയോഗക്രമം മാറ്റാതിരുന്നത് എന്ന് അറിയിച്ചു. ഉപയോഗക്രമം കൃത്യമാക്കി, ഉപയോഗക്രമത്തിൽ വ്യത്യാസം വന്ന കാലയളവ് മുതലുള്ള നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 കെട്ടിട നമ്പരില്ലാത്ത കെട്ടിടത്തിൽ പഞ്ചായത്തിന്റെ ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നു

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ആയുർവ്വേദ ആശുപത്രിയുടെ വാടകയും കുടിശ്ശികയും നൽകുന്നതിനായി പ്രോജക്ട് രൂപീകരിച്ചങ്കിലും (രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പ്രോജക്ട് നം.59 ആയുർവ്വേദ ആശുപത്രിയുടെ വാടകയും കുടിശ്ശികയും നൽകലും) ആയത് നടപ്പാക്കിയില്ല. ടി കെട്ടിടത്തിന് നിയമാനുസൃത കെട്ടിട നമ്പർ ഇല്ലാത്തതിനാൽ വാടക നിശ്ചയിച്ച് നൽകുന്നതിന് സാധിക്കുകയില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. അറിയിച്ചിരിക്കുന്നു എന്നാണ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, സെക്രട്ടറി, രാമങ്കരി ഗ്രാമപഞ്ചായത്തിന് നൽകിയ സാക്ഷ്യപത്രത്തിൽ അറിയിച്ചിരിക്കുന്നത്. ആയുർവ്വേദ ആശുപത്രി അനധികൃത കെട്ടിടത്തിൽ (വാർഡ്-3) പ്രവർത്തിക്കാനിടയായ സാഹചര്യം സംബന്ധിച്ചും, നിലവിൽ ടി കെട്ടിടം പഞ്ചായത്തിന്റെ അസെസ്മെന്റ് രജിസ്റ്റർ/ യു.എ രജിസ്റ്ററിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നുണ്ടോയെന്നത് സംബന്ധിച്ചും വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7 /09.10.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 235AA(5) പ്രകാരം അനധികൃത കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ, മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലായെന്നിരിക്കെ പഞ്ചായത്തിന്റെ ഒരു സ്ഥാപനം (ആയുർവ്വേദ ആശുപത്രി) തന്നെ പ്രവർത്തിച്ചിട്ടും നിലവിലും, യു.എ നമ്പർ നൽകുന്നത് അടക്കമുള്ള നടപടികൾ പോലും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ കെട്ടിടം നിർമ്മാണം പൂർത്തിയായ തീയതി മുതൽ റഗുലറൈസ് ചെയ്യുന്ന അഥവ പൊളിച്ച് നീക്കുന്ന തീയതി വരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235AA(1) പ്രകാരം യു.എ നമ്പർ നൽകി വസ്തു നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിലെ അനധികൃത നിർമ്മാണം തടയാനും അഥവാ അത്തരം നിർമ്മാണങ്ങൾ നടന്നാൽ ആയത് കണ്ടെത്തി യു.എ നമ്പർ നൽകുന്നത് അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഫലപ്രദമായ കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

1-15 വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണം നാളിതുവരെയും പൂർത്തിയാക്കിയില്ല

22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവിൽ കെട്ടിടങ്ങളുടെ ശരിയായ വിവരം സോഫ്റ്റ് വെയറിൽ ചേർക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 10 പ്രകാരം കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ നിലവിൽ ഏതെല്ലാം വാർഡുകളിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 29/16.10.2024) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ആകെയുള്ള 13 വാർഡുകളിലായി 5054 കെട്ടിടങ്ങളുള്ളവയിൽ 3895 കെട്ടിടങ്ങളുടെ പരിശോധന മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. സർവ്വേ പൂർത്തിയായ വാർഡുകൾ-9, സർവ്വേ ഭാഗികമായി നടപ്പാക്കിയ വാർഡുകൾ- 2, സർവ്വേ നടപ്പാക്കാത്ത വാർഡുകൾ-2. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഡ് നം.	ആകെ കെട്ടിടങ്ങൾ	സർവ്വേ പൂർത്തിയാക്കിയ കെട്ടിടങ്ങൾ
1	408	408
2	367	367
3	670	670
4	377	200
5	436	0
6	442	442
7	343	343
8	364	150
9	332	0

10	273	273
11	328	328
12	342	342
13	372	372
ആകെ	5054	3895

പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും പരിശോധന എത്രയും വേഗം പൂർത്തിയാക്കി, കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥയ്ക്ക് ആനുപാതികമായി നികുതി പുനർനിർണ്ണയിച്ചീടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 വസ്തു നികുതി പരിഷ്കരണം -6-ാം വാർഡിലെ ഒരു പ്രദേശം മേഖല വിഭജനം സംബന്ധിച്ച വിജ്ഞാപനത്തിൽ ഉൾപ്പെട്ടില്ല

23.05.2023 ലെ എസ്.സി2-1549/23 നമ്പർ വിജ്ഞാപനം പ്രകാരം നികുതി പരിഷ്കരണ നടത്തിപ്പിലേക്കായി പഞ്ചായത്തിലെ വാർഡുകളെ മേഖലകളായി തിരിച്ചിട്ടുണ്ട്. അത് പ്രകാരം പഞ്ചായത്തിലെ 6-ാം വാർഡിൽ എ.സി റോഡിന് വടക്കുവശം വരുന്ന പ്രദേശങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എ.സി റോഡിനും എ.സി കനാലിനും തെക്കുവശത്തുള്ള, 6-ാം വാർഡിന്റെ ബാക്കി പ്രദേശങ്ങളെ ഏത് മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 6-ാം വാർഡിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിളവ് വസ്തു നികുതി നിർണ്ണയത്തിൽ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	അസെസ്മെന്റ് തീയതി
1	6/118A	11.12.2023
2	6/194A	20.03.2024
3	6/203A	12.02.2024

6-ാം വാർഡിന്റെ ബാക്കി പ്രദേശങ്ങളുടെ മേഖല വിഞ്ജാപനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 28 /15.10.2024) ക്ക് വിജ്ഞാപനത്തിൽ ആറാം വാർഡിന്റെ തെക്ക് ഭാഗം ദ്വിതീയ മേഖലയായി പ്രത്യേകം കാണിച്ചിട്ടില്ല, എന്നാൽ വസ്തുനികുതി നിർണ്ണയത്തിന് ഈ മേഖലയിലുള്ള കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖല ഇളവ് നൽകി വരുന്നു. വാർഡ് വിഭജനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മേഖലകൾ പുനർവിജ്ഞാപനം ചെയ്യുന്ന സമയത്ത് എല്ലാ വാർഡുകളിലെയും, എല്ലാ പ്രദേശങ്ങളെയും മേഖലകളായി തിരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മേഖലകൾ കൃത്യമാക്കാനും, അന്തിമ വിജ്ഞാപനത്തിനനുസൃതമായി കെട്ടിടങ്ങളുടെ അസസ്മെന്റ് നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-17 കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം ആസൂത്രണം ചെയ്ത് ഡി.പിസി അംഗീകാരം വാങ്ങിയ താഴെപറയുന്ന പ്രോജക്ടുകൾക്കായി 17,76,800/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ തൻവർഷം 29,985/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട് 15,50,000/- രൂപ വകയിരുത്തിയെങ്കിലും ഒട്ടും തന്നെ ചെലവഴിച്ചില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര് / നം.	വകയിരുത്തിയ തുക	ചെലവ് തുക
01	കുരുമുളക് ഗ്രാമം(പ്രോജക്ട് നം. S0051/24)	335000 (വികസനഫണ്ട്-251250, മറ്റുള്ളവ-83750)	-
02	സമഗ്ര നെൽകൃഷി വികസനം - നെൽവിത്ത് സബ്സിഡി (പ്രോജക്ട് നം. S0054/24)	960000 (വികസനഫണ്ട്)	-
03	സുഭിക്ഷ കേരളം ചക്കഗ്രാമം (പ്രോജക്ട് നം.	451800(വികസനഫണ്ട്-338750, മറ്റുള്ളവ-113050)	-

	So154/24)		
04	കൃഷിഭവനിലെ കണ്ടിജൻസി ചെലവുകൾ (പ്രോജക്ട് നം. S0057/24)	30000	29,985
	ആകെ	17,76,800/-	

കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള ലോവർ കുട്ടനാടിൽ ഉൾപ്പെടുന്ന രാമങ്കരി പഞ്ചായത്തിൽ ഡി.പിസി അംഗീകാരം വാങ്ങിയ മേൽ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/08.10.24) ഫണ്ട് ലഭ്യമാകാത്തതിനാലാണ് പ്രോജക്ടുകൾ നടപ്പാക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് ലഭ്യമായ വികസന ഫണ്ട് വിഹിതത്തിൽ നിന്നും 29.97% ലാപ്സായ സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും കൃത്യമായ സമയക്രമം പാലിക്കാതിരുന്നതുകൊണ്ടാണ് കാർഷിക മേഖലയ്ക്കായി വകയിരുത്തിയ ഫണ്ട് തൻവർഷം ചെലവഴിക്കുവാൻ കഴിയാതെ പാഴായി പോയത്. പദ്ധതി നിർവ്വഹം കാര്യക്ഷമമായി നടപ്പാക്കി ഫണ്ട് പാഴാകുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. വിവിധ ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭിക്കുന്ന തുക ജനോപകാരപ്രദമായ പദ്ധതികൾക്ക് സമയബന്ധിതമായി വിനിയോഗിക്കുന്നതിനും, ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-18 പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന്റെ യഥാർത്ഥ ബാധ്യത തിട്ടപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ 169 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ എല്ലാ മാസവും 77,641/- രൂപയാണ് പഞ്ചായത്ത് അടച്ചു പോരുന്നത്. ഫയൽ പരിശോധിച്ചതിൽ 19.02.2022 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ 08/21 മുതൽ കേരള വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണം 240 ആയും, വാട്ടർ ചാർജ്ജ് 1,10,260/- രൂപയായും സ്വമേധയാ വർദ്ധിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 03/22ൽ വാട്ടർ അതോറിറ്റി വെള്ളക്കരം വർദ്ധനവ് വരുത്തിയപ്പോൾ പ്രതിമാസ ഡിമാന്റ് 77,641/- രൂപയിൽ നിന്നും

2,91,180/-രൂപയായി വർദ്ധിച്ചു. സംയുക്ത പരിശോധന നടത്താതെ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതിനെതിരെ 19.02.22 ലെ 4(2)-ാം നമ്പർ തീരുമാനം പ്രകാരം പരാതി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വർദ്ധനവ് സംബന്ധിച്ച് വാട്ടർഅതോറിറ്റിയിൽ നിന്നും വ്യക്തത ഉണ്ടാകാതിരുന്നതിനാൽ 2023-24 ലും പ്രതിമാസം 77,641/-രൂപ നിരക്കിലാണ് വെള്ളക്കരം ഒടുക്കിയിരുന്നത്. ഇത് കാരണം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് വലിയ ബാധ്യത ഉണ്ടായിട്ടുണ്ട്. 04/2023-ൽ 25,68,201/-രൂപയായിരുന്ന കുടിശ്ശിക 03/24ൽ 59,48,175/-രൂപയായി വർദ്ധിച്ചു.

ഏറ്റവും അവസാനം പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, ടാപ്പുകളുടെ എണ്ണം കൂട്ടി വാട്ടർ അതോറിറ്റി സ്വമേധയാ വെള്ളക്കരം ഉയർത്തി ഡിമാന്റ് നോട്ടീസ് നൽകിയതിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/10.10.24) 2023 ജൂലായ് മാസം പഞ്ചായത്തിലെ പൊതുടാപ്പുകളുടെ സംയുക്തപരിശോധന പൂർത്തിയാക്കിയതിൽ വിവിധ വാർഡുകളിലായി ആകെ 172 എണ്ണം പൊതുടാപ്പുകളുണ്ടെങ്കിലും അതിൽ 36 എണ്ണം പ്രവർത്തനക്ഷമമല്ല എന്ന് കണ്ടെത്തിയതായി അറിയിച്ചു. ഉപയോഗക്ഷമമല്ലാത്ത പൊതുടാപ്പുകൾ വിശ്ചേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ 03.09.24ലെ D2-11250/24 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 77,000/-രൂപ തനത് ഫണ്ടിൽ നിന്നും 25.09.24-ൽ (UTR നം.KLGBH24269916099) വാട്ടർഅതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായും മറുപടിയിൽ അറിയിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിയിലൊടുക്കിയെങ്കിലും പ്രവൃത്തി പൂർത്തീകരണത്തിനായി വാട്ടർ അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് കരാർ വെച്ചിട്ടില്ല. 2024 സെപ്തംബർ മാസത്തിലെ ഡിമാന്റ് നോട്ടീസിൽ വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണം 240-ൽ നിന്നും 172 ആയി കുറവ് ചെയ്ത് 2,08,679/-രൂപയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 12.09.24-ലെ 4(2) നം തീരുമാനപ്രകാരം, പ്രവർത്തനക്ഷമമല്ല എന്ന് കണ്ടെത്തിയ 36 ടാപ്പുകൾ ഒഴിവാക്കി 136 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1,64,968/-രൂപയാണ് 09/24ൽ അടവാക്കിയത്. നിലവിലും 36 ടാപ്പുകളുടെ വെള്ളക്കരം അധികമായി ഡിമാന്റ് ചെയ്യുന്ന സാഹചര്യത്തിൽ, വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ട് ഉപയോഗയോഗ്യമല്ലാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

08/21 മുതൽ വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണത്തിൽ സ്വമേധയാ വർദ്ധനവ് വരുത്തി ഡിമാന്റ് തുക

ഉയർത്തിയതിനാൽ ടി ഇനത്തിലുള്ള പഞ്ചായത്തിന്റെ കുടിശ്ശിക നിലവിലും വെള്ളക്കരമിനത്തിലെ ബാധ്യതയായി തുടരുകയാണ്. സെപ്തംബർ,2024 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 78,50,334/- രൂപയാണ്. എന്നാൽ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ ആകെ എണ്ണം 172 ആണെന്നും, അതിൽ 36 എണ്ണം പ്രവർത്തനക്ഷമമല്ലെന്നും സംയുക്തപരിശോധനയിൽ കണ്ടെത്തിയിരിക്കെ ഇല്ലാത്ത ടാപ്പുകളുടെ പേരിൽ 8/21 മുതൽ അധികമായി വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്ന തുകയിൽ കുറവ് വരുത്തുന്നതിനും ഡിമാന്റ് തുക ക്രമീകരിച്ച് വെള്ളക്കരമിനത്തിലെ പഞ്ചായത്തിന്റെ യഥാർത്ഥ ബാധ്യത തിട്ടപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 കുടിവെള്ളവിതരണം - ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്ടിന്റെ പേര് – കുടിവെള്ളവിതരണം
പ്രോജക്ട് നം.SO 0113/24

ഫണ്ട് -വികസനഫണ്ട് (ജനറൽ)

അടങ്കൽ 42,000/-

ചെലവ് 42,000/-(10509/- ബിൽ നം.20/17.08.23 : 31491/- ബിൽ നം.23/07.09.23)
ഈ പദ്ധതിയിൽ കുടിവെള്ളവിതരണത്തിനായി 42,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. കുട്ടനാട് തഹസിൽദാരുടെ 08.03.23 ലെ എ12-747/2023 നടപടിക്രമപ്രകാരം കരാർ അംഗീകരിക്കപ്പെട്ട ശ്രീ.കെ.സന്തോഷ്, അട്ടിയിൽ, വെളിയനാട് ന്റെ വാഹനത്തിലാണ് (2000ലി.) 25.03.23മുതൽ 06.05.23വരെ കുടിവെള്ളവിതരണം നടത്തിയത്. ഈ തീയതികളിലെ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 22.03.23 മുതൽ 30.03.23 വരെയുള്ള ജിപിഎസ് റിപ്പോർട്ട് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കുടിവെള്ളവിതരണം നടത്തിയ മുഴുവൻ കാലയളവുകളിലെയും ജിപിഎസ് റിപ്പോർട്ട്, മേൽ ബില്ലുകൾ പ്രകാരം ഏതെല്ലാം കാലയളവുകളിലെ തുകയാണ് കരാറുകാരന് നൽകിയത് എന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(8/09.10.24) മറുപടി ലഭ്യമാക്കിയില്ല. വിശദമായ ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 42,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾകൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ തുക നൽകിയില്ല

പ്രോജക്ട് നം.S0020/24

പ്രോജക്ടിന്റെ പേര്- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ, ബത്ത നൽകൽ

ഫണ്ട്	വികസന ഫണ്ട്	ബ്ലോക്ക്പഞ്ചായത്ത് വിഹിതം	ജില്ലാപഞ്ചായത്ത് വിഹിതം	ആകെ
അടങ്കൽ	5,00,000	1,00,000	1,00,000	7,00,000
ചെലവ്	1,96,650	94,050	65,550	3,56,250

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 വർഷം നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ, ബത്തനൽകൽ എന്ന പ്രോജക്ടിൽ 3,56,250/- രൂപ ചെലവഴിച്ചിട്ടുണ്ട്.ആകെ 23 കുട്ടികൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, സർക്കാർ ഉത്തരവു പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന തുക 28,500/- രൂപയാണെന്നിരിക്കെ, ആനുകൂല്യം ഭാഗികമായി മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ഓരോ കുട്ടിക്കും തൻവർഷം ആകെ 15,675/- രൂപ മാത്രമാണ് അനുവദിച്ചത്. സ്കോളർഷിപ്പ് തുക പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/15.10.24) തൻ വർഷം ഫണ്ട് ലഭ്യമല്ലായിരുന്നു എന്നും സ്പിൽ ഓവറായി 2024-25 വർഷം പ്രോജക്ട് നടപ്പാക്കുന്നുണ്ട് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചത്. പഞ്ചായത്തിന് ലഭ്യമായ വികസന ഫണ്ട് വിഹിതത്തിൽ നിന്നും 29.97% ലാപ്സായ സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല.

25.01.19 ലെ സർക്കുലർ നം.ഡിഎ-1/19/2019 തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യാൻ ICDS/CDPO മാർ ശ്രദ്ധിക്കേണ്ടതും, ആയതിന് മതിയായ തുക നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. വിഷയത്തിലേയ്ക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 അങ്കണവാടി പോഷകാഹാര പദ്ധതി - ന്യൂനതകൾ

പ്രോജക്ട് നം.S0019/24

പ്രോജക്ടിന്റെ പേര്- അങ്കണവാടി പോഷകാഹാര പദ്ധതി

ഫണ്ട്	വികസന ഫണ്ട്	കേന്ദ്രാവിഷ്കൃതഫണ്ട്	ബ്ലോക്ക്പഞ്ചായത്ത് വിഹിതം	ജില്ലാപഞ്ചായത്ത് വിഹിതം	ആകെ
അടങ്കൽ	6,00,000	10,00,000	2,00,000	2,00,000	20,00,000
ചെലവ്	5,75,610	7,45,787	1,50,000	1,70,000	16,41,397

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ അങ്കണവാടി പോഷകാഹാര പദ്ധതിയിൽ 2023-24 വർഷം 16,41,397/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ, ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോക്ക് രജിസ്റ്റർ എഴുതി കൃത്യമാക്കി നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വിവിധ ബില്ലുകൾ പ്രകാരം ലഭിക്കുന്ന ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുമ്പോൾ ബിൽ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. ഭക്ഷ്യ സാധനങ്ങൾ വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പല അങ്കണവാടികളും സ്റ്റോക്ക് കൈപ്പറ്റി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഉദാ.. പേജ് നം.36, 37

2) സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനത്തിന്റെയും ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ഉദാ.38, 41

3) 2021-22, 2022-23 വർഷങ്ങളിൽ അമൃതം ഫുഡ് വാങ്ങിയതിന്റെ തുക തൻവർഷം മാറി നൽകിയിട്ടുണ്ട്. ഈ തുക മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ളവയാണോ എന്ന് വ്യക്തമല്ല. മുൻ വർഷത്തെ തുക ഒടുക്കുന്നതിന് എന്തുകൊണ്ടാണ് സ്പിൽ ഓവർ ആയി പദ്ധതി നടപ്പാക്കാതിരുന്നത് എന്ന് വ്യക്തമല്ല. കൂടാതെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്ത അളവും സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള അളവും വ്യത്യസ്തമാണ്. ഏതാനും ഇനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ട്രഷറി ബിൽനം./ തീയതി	ഇനം	ബിൽ പ്രകാരം അളവ്(Kg)	സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അളവ്	കുറവ്	Rate/Kg	തുക	സ്ഥാപനത്തിന്റെ ബിൽ നം./ തീയതി
1	150000/- 21600793557/ 15.1123	Amrutham Food 507.5	507.5	500.5 (Page No.23)	7	73.5	514.5	179/20.01.23
2	85286/316/ 12.03.24	Elite Brocken Wheat	75	സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.	75	71.76	5382	23977/30.12.23
3	467463/ 600903068/ 7.12.23	Elite Brocken Wheat	1549	1450(Page No.37)	99	71.76	7104	231045/22.02.24
		Elite Ball Jaggery	215	185	30	85.54	2566	

4	219338/ 600290217/ 7.7.23	Raw Rice	91	88(Page No.32)	3	32.5	97.5	23259/31.05.23
	ആകെ						15664/-	

മേൽ ന്യൂനതയ്ക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/15.10.2024) മറുപടി ലഭിച്ചില്ല. സ്റ്റോക്ക് രജിസ്റ്ററിലെ വ്യത്യാസം ഓരോ അങ്കണവാടിയുടെയും സ്റ്റോക്ക് രജിസ്റ്ററുമായി താരതമ്യപ്പെടുത്തി വിശദീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സാധിച്ചിട്ടില്ല. ആയതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ കുറവുള്ള ഭക്ഷണസാധങ്ങളുടെ വില 15,664/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 വാഹനത്തിന്റെ ലോഗ്ബുക്ക് ശരിയാംവിധം സൂക്ഷിക്കുന്നില്ല

2022-23 സാമ്പത്തികവർഷം അവസാനത്തിലാണ് പഞ്ചായത്ത് വാഹനം വാങ്ങിയത്. ഗ്രാമപഞ്ചായത്തിലെ KL-66-D-2148 ബൊലേറോ യുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറക്കുന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ധനം നിറച്ചതിന്റെ വിശദാംശങ്ങളിൽ നിറച്ച ഇന്ധനത്തിന്റെ അളവ് രേഖപ്പെടുത്തുന്നുവെങ്കിലും ബിൽ/ ഇൻവോയ്സ് വിവരങ്ങൾ ചേർക്കുന്നില്ല. ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ദിവസങ്ങളിലൊഴികെ വാഹനം ഉപയോഗിച്ച മിക്ക ദിവസങ്ങളിലും കസ്റ്റോഡിയൻ ഓഫീസറുടെയും വാഹനം ഉപയോഗിച്ച ആളിന്റെയും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. വാഹനം ഉപയോഗിക്കുന്ന ദിവസങ്ങളിൽ ആവശ്യമായ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്താനും ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
ഇന്ധനഉപഭോഗം, വാഹനത്തിന്റെ റിപ്പയർ, ഇൻഷ്വറൻസ്, ഫ്യൂവൽകൺസംഷൻ ടെസ്റ്റ് തുടങ്ങിയ വിവരങ്ങൾ ആയതിനനുസൃതമായി ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ജി.ഒ.(എം.എസ്.)നം.107/2007/തസ്വഭവ/30.06.2007 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ വാഹനങ്ങളുടെ ഉപയോഗത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-23 ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവന പദ്ധതിയിൽ മുൻ വർഷങ്ങളിലുൾപ്പെടെ മുൻകൂർ തുക കൈപ്പറ്റി നിലവിലും ഭവനനിർമ്മാണം ആരംഭിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	മുൻകൂർ കൈപ്പറ്റിയ വർഷം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	ബിൽ നം., തീയതി
1	2022-23	ശകുന്തള സുഭാഷ്, പടിഞ്ഞാറെ കൊച്ചുപറമ്പിൽ	40,000	21501402624/ 18.03.23
2	2023-24	മായമോൾ ഡി. പുതുവൽ പുതുക്കരി	40,000	21500423262/ 09.08.23
3	2023-24	ഷേർളിജോയ്, കോളനി നം.87, മാമ്പുഴക്കരി	40,000	300901230071/ 09.02.24
4	2023-24	പ്രസീതാ സാംബശിവൻ, ആശ്രമത്തിൽ, വേഴപ്ര	40,000	21500520339/ 29.04.23
5	2023-24	ഉഷ കെ., നാലുപറയിൽ, വേഴപ്ര	40,000	21500530379/ 08.09.23

മുൻവർഷങ്ങളിലുൾപ്പെടെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിർമ്മാണം ആരംഭിക്കാൻ സന്നദ്ധരായവരെ കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ആനുകൂല്യം കൈപ്പറ്റിയ ശേഷം കെട്ടിടനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ

ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ 2023-24 വർഷം ഗുണഭോക്താക്കൾക്ക് അനുവദിച്ച 1,60,000/- രൂപ (ക്രമ നമ്പർ 2 മുതൽ 5 വരെ) തടസ്സപ്പെടുത്തുന്നു.

1-24 ഫെസ്റ്റിവൽ അഡ്വാൻസ് -5,000/-രൂപ തിരികെ ഈടാക്കിയില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 5,000/-രൂപ തിരികെ ഈടാക്കുവാനുണ്ട്. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/14.10.24)പ്രസ്തുത തുക ഗ്രാമപഞ്ചായത്തിലെ ക്ലർക്കായിരുന്ന സിബി ബാനർജിയ്ക്ക് ഫെസ്റ്റിവൽ അഡ്വാൻസായി 24.08.23 ലെ ചെക്ക് നം.035970 പ്രകാരം നൽകിയ 20,000/- രൂപയിൽ തിരികെ ഒടുക്കുവാൻ ബാക്കിനിൽക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ടിയാളിൽ നിന്ന് 5,000/- രൂപ പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

1-25 ഹോമിയോ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പ® -S0016/24

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയ്ക്ക് മരുന്നും മരുന്ന് വിതരണത്തിനുള്ള അനുബന്ധ സാധങ്ങളും വാങ്ങൾ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ - 3,00,000/-(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്)

ചെലവ് -3,00,000/-(TRN No. 23060400000011398/29.12.2023)

മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി ഹോംകോയുടെ 08.12.2023 ലെ ഇൻവോയ്സ് നം. PF-1005 പ്രകാരം 3,00,000/- രൂപ, ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. 31.07.2024 ലെ ടാക്സ് ഇൻവോയ്സ് നം. LF-775 പ്രകാരം 1,56,245/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 1,43,755/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറി (നം.17/10.10.2024) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം വിഷയം ജില്ലാ മെഡിക്കൽ ഓഫീസറുടെയും ഹോംകോ മാനേജിംഗ് ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖാമൂലം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലഭ്യമാകാത്ത മരുന്നുകൾക്കായി മുൻകൂർ നൽകിയ 1,43,755/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല

പ്രോജക്ട് നം. S0008/24

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ - 8,00,000(വികസന ഫണ്ട് -എസ് സി പി)

ചെലവ് - 2,10,000

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ 3 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് അഡ്വാൻസ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക	ബിൽ നം./തീയതി	റിമാർക്സ്
1	സനിൽകുമാർ കെ.	30,000/-	TRN 23060400000013777/ 17.02.24	നിർമ്മാണം ലിന്റൽ ലെവൽ വരെ

		60,000/-	TRN 23060400000014937/ 13.03.24	
2	സുമേഷ് കുമാർ	30,000/-	TRN 23060400000015456/ 23.03.24	തുകബേസ്മെന്റ് പൂർത്തിയാക്കി

ടി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.10.2024), നാളിതുവരെ പ്രവൃത്തിപൂർത്തിയാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി
പ്രോജക്ടിന്റെ പേര് - ഐ.കെ.എം. വിഹിതം

പ്രോജക്ട് നം. - S0002/24

ഫണ്ട് -ഡവലപ്മെന്റ് ഫണ്ട് (ജനറൽ)

അടങ്കൽ - 47,000/-

ചെലവ് - 47,000/-
ബിൽ നം., തീയതി 12/14.07.23
ഐകെഎം പ്രവർത്തനഫണ്ടിനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളയുടെ അക്കൌണ്ടിലേക്ക് 47,000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.10.24) ഐകെഎം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവഴിച്ച 47,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-28 മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗ്രാവൽ ഉപയോഗിച്ചുള്ള മൺപ്രവൃത്തികൾ മാത്രമാകുന്നു - ദീർഘ കാല അടിസ്ഥാനത്തിലുള്ള ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല

2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 1,95,60,518/- രൂപ അടങ്കലിന് പദ്ധതി തയ്യാറാക്കുകയും, 83,01,908/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 57,17,108/- രൂപയും ഗ്രാവലും ക്വാറിമക്കും ഇട്ട് റോഡ് നിർമ്മിക്കുന്ന 27 റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കും, തോട്ടിലെ പോള വാരി മാറ്റൽ എന്ന പ്രവൃത്തികൾക്കും വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് ഈ മേഖലയിൽ ചെലവഴിക്കപ്പെട്ട തുകയുടെ 68.86% ഉം ആവർത്തന ചെലവുകളായി കാലാകാലങ്ങളിൽ ഫണ്ട് ചെലവഴിക്കപ്പെടേണ്ടുന്ന ഗ്രാവൽ റോഡ് നിർമ്മാണത്തിനാണ്. കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങൾ പോലെ വർഷത്തിൽ ഭൂരിഭാഗം സമയവും വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന രാമങ്കരി പോലെയുള്ള പഞ്ചായത്തിൽ, കാലവർഷം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ ഇപ്രകാരം ഗ്രാവൽ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ ഗ്രാവൽ ഒഴുകി നശിച്ചു പോകുവാനുള്ള സാധ്യത വളരെയേറെയാണ്. അതുകൊണ്ട് തന്നെ ദീർഘകാലാടിസ്ഥാനത്തിലുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് ഇപ്രകാരം ചെലവഴിക്കപ്പെടുന്ന തുകകൾ പ്രയോജനപ്പെടുന്നില്ല. പദ്ധതിപ്പണത്തിന്റെ സിംഹഭാഗവും ഈ രീതിയിൽ വിനിയോഗിക്കപ്പെടുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/10.10.24)) ലഭ്യമാക്കിയ മറുപടിയിൽ രാമങ്കരി പോലെയുള്ള കുട്ടനാടൻ പ്രദേശങ്ങളുടെ നടവഴികൾ മഴക്കാലത്ത് ചെളിയും വെള്ളക്കെട്ടും കൊണ്ട് നടന്നുപോകാൻ പോലുമാകാത്ത അവസ്ഥയിലാണെന്നും, അത്തരം സാഹചര്യത്തിൽ നടവഴികൾ സഞ്ചാര യോഗ്യമാക്കുന്നതിനാണ് ഇത്തരം പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട് പോലെയുള്ള താഴ്ന്ന സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡുകളാണ് കൂടുതൽ അനുയോജ്യമായതെന്ന വിവരം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നും, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിലുള്ള നിബന്ധകൾ മൂലം കോൺക്രീറ്റ്, ടൈൽ വർക്കുകൾ തുടങ്ങിയവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനാവാത്തതെന്നും അറിയിച്ചിട്ടുണ്ട്. സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയെ സമീപിച്ച്, ഈ പ്രദേശത്തെ പ്രത്യേക സാഹചര്യം ബോധ്യപ്പെടുത്തി, ഈ പഞ്ചായത്തിൽ കോൺക്രീറ്റ് / ടാർ റോഡുകളുടെ നിർമ്മാണത്തിന് കൂടി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 ജി.എസ്.ടി. അധിക നിരക്കിൽ നൽകി

പഞ്ചായത്തിൽ വർഷം നടപ്പിലാക്കിയ വിവിധ തോടുകളിലെ ചെളി നീക്കൽ, പോള വാരൽ തുടങ്ങിയ പ്രവൃത്തികളിൽ കരാറുകാരന് അനുവദനീയമായതിലും അധികനിരക്കിൽ ജിഎസ്സ്ടി അനുവദിച്ചു.

ഈ പ്രവൃത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 18% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിരുന്നു. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).പിന്നീട് നികുതി വകുപ്പിന്റെ 18.07.22 ലെ ജി.ഒ (പി) നം.82/2022 -ാം നമ്പർ ഉത്തരവ് പ്രകാരം 01.01.22 മുതൽ പുതുക്കിയ GST നിരക്കനുസരിച്ച് 75 % ലേറെ എർത്ത് വർക്ക് പ്രവൃത്തികൾ മാത്രം ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് 12% ഉം, മറ്റ് മരാമത്ത് പ്രവൃത്തികൾക്ക് 18 % ഉം ആയി പുതുക്കി നിശ്ചയിച്ചിരുന്നു. അതിൻ പ്രകാരം അനുവദനീയമായ 12% ജി.എസ്.റ്റിക്ക് പകരം 18% GST അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം അധികചെലവ് വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ/ കരാറുകാരൻ/ ചെലവ് വിവരം	ഇന വിവരം/ നിർവ്വഹിച്ച അളവ്/ പ്രവൃത്തി മൂല്യം	നൽകിയ തുക (രൂപ) (18% GST ഉൾപ്പെടെ) / നിരക്ക്/M^3	അനുവദിക്കാവുന്ന തുക (രൂപ) 12% GST ഉൾപ്പെടെ	അധികം നൽകിയത് (രൂപ)
172/24 ശ്യാം	തോട്ടിൽ നിന്നും	136830/ 7.80/Sq.M	129873/-	6957

എൽ.എം. 1)1,36,830/- രൂപ, ബിൽ നം.399/23-24; Dt.25.03.24	ചെളിയും പായലും വാരി മാറ്റൽ / 14866.40m^3 / 1,15,958/- രൂപ			
	ആകെ			6957

മേൽ രേഖപ്പെടുത്തിയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/14.10.24) ലഭ്യമാക്കിയ മറുപടിയിൽ പാർട്ട് ബില്ലിലെ റീ ടെൻഷൻ തുകയിൽ നിന്നും,(കരാറുകാരന്റെ പക്കൽ നിന്നും) ഈ തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ 6,957/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-30 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം 2022-23 വർഷവും, 2023-24 വർഷവും തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകിയിരിക്കുന്നത് അമൽ കൺസ്ട്രക്ഷൻസ് എന്ന കുടുംബശ്രീ ഗ്രൂപ്പാണ്. 2022-23 വർഷം ബോർഡ് 1 ന് 3,000/-രൂപ നിരക്കിൽ 105 എണ്ണവും, 2023-24 വർഷം ബോർഡ് 1 ന് 3,500/-രൂപ നിരക്കിൽ 78 എണ്ണവും, 2,000/-രൂപ നിരക്കിൽ 3 എണ്ണവുമുൾപ്പെടെ ആകെ 186 ബോർഡ് സ്ഥാപിച്ചതിന് 5,94,000/- രൂപ ടി ഗ്രൂപ്പിന് നൽകിയിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.

ഇതനുസരിച്ച് മേൽ കുടുംബശ്രീ യൂണിറ്റിൽ നിന്നും 2% ആദായനികുതിയായി 11,880/-രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/10.10.24) അമൽ കൺസ്ട്രക്ഷൻസ് ഗ്രൂപ്പിൽ നിന്നും ആദായനികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ടി ഗ്രൂപ്പിൽ നിന്നും ആദായനികുതി ഈടാക്കി മറുപടി നൽകേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

1-31 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്

43-ാം നമ്പർ അങ്കണവാടിക്ക് റൂഫിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. അങ്കണവാടിയുടെ പാരപ്പറ്റ് നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് നൽകി

43-ാം നമ്പർ അങ്കണവാടി റൂഫിംഗ് എന്ന ഈ പ്രവൃത്തിയിൽ 5-ാം ഇനമായി അങ്കണവാടിയുടെ പാരപ്പറ്റ് നിർമ്മാണം സോളിഡ് ബ്ലോക്ക് മേസനറി ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുണ്ട്. ആയതിന് Solid Block Masonary Of Size 30x20x15 For Superstructure Above Floor Two Level Up To Floor Five Level Thickness 15 Cm And Above In Cm 1:6 എന്നതിനുള്ള നിരക്കായ 8189.77/M^3 എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത് (സ്പെസിഫിക്കേഷൻ കോഡ് 50.6.2.3). ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 7772.09/M^3 (5.11% കുറച്ച്) ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. അളവു പുസ്തകം പ്രകാരം 3.411 M^3 അളവിൽ ഈ പ്രവർത്തി നിർവ്വഹിച്ചിട്ടുണ്ട്. അങ്കണവാടിയുടെ പാരപ്പറ്റ് നിർമ്മിക്കുന്നതിന് സ്പെസിഫിക്കേഷൻ കോഡ് 50.6.2.2 പ്രകാരമുള്ള Solid Block Masonary Of Size 30x20x15 For Superstructure Up To Floor Two Level 15 Cm And Above In Cm 1:6 Complete എന്നതിനുള്ള നിരക്കായ 7153.24/M^3 എന്ന നിരക്കിൽ നിന്നും 5.11 % കുറച്ചുള്ള നിരക്കായ 6787.70/M^3 എന്ന നിരക്ക് അനുവദിച്ചു നൽകിയാൽ മതിയാകും. എന്നാൽ ഉയർന്ന നിരക്ക് അനുവദിച്ചു നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി. അനുവദനീയമായത് – 3.411 M^3 X 6787.70/ M^3 = 23152/-

നൽകിയത് – 3.411 M^3 X 7772.09/ M^3 = 26510/-

അധികം നൽകിയത് – 26510 – 23152 = 3358 + 604 (18% GST) = 3962/- രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/10.10.24) ലഭ്യമാക്കിയ മറുപടിയിൽ ഒന്നാം പാർട്ട് ബില്ലിലെ റീ ടെൻഷൻ തുകയിൽ നിന്നും ഈ തുക പിടിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധിക നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയും, ആയത് അനുവദിച്ചു നൽകുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

<u>അനുബന്ധ വിവരങ്ങൾ-</u>

പ്രവൃത്തിയുടെ പേര്	43-ാം നമ്പർ അങ്കണവാടി റൂഫിംഗ് പ്രോജക്ട് നം.S0143/23
അടങ്കൽ	5 ലക്ഷം
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	K.K.വർക്കി
അളവു പുസ്തകം	96903/2022
ചെയ്ത പ്രവൃത്തിയുടെ മൂല്യം	387182/- (18% GST ഉൾപ്പെടെ)
ചെലവ് വിവരം	ബിൽ നം.4/23-24,10.10.23 രൂപ 1,05,457/- (ഫൈനൽ ബിൽ)

<u>1-32 എം.ജി.എൻ.ആർ.ഇ.ജി.എസ്.-മൂലശ്ശേരി മുതൽ കൊച്ചുതറ വരെ റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തി (വാർഡ് -2) നിർവ്വഹണത്തിലെ അപാകതകൾ</u>

മൂലശ്ശേരി മുതൽ കൊച്ചുതറ വരെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി (വാർഡ് -2) നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ അധികം അളവിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നു.

A) ഗ്രഡ് എർത്ത്

ഇനം/നിരക്ക് / അളവ് പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള അളവ്/ കൺസോളിഡേഷൻ നിരക്ക്.	വർക്ക് കോഡ്/ കരാറുകാരൻ /FTO No./എം. ബുക്ക് നമ്പർ	എം ബുക്ക് പ്രകാരം അനുവദിച്ച അളവ്/ തുക	കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവ്	കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവിൽ നിന്നും 10% കൺസോളിഡേഷന് ശേഷം അനുവദനീയമായ അളവ്./ അനുവദനീയമായ തുക
ഗ്രഡ് എർത്ത് ഫില്ലിംഗ്/@1120/ 60.85/ 10%	Rc 347193/ ഗ്രിഗറി/162642/ 07.10.23/ 212/21-22	48 M^3/ 53760	50 M^3	50m^3 -5m^3 =45m^3 45m^3 X1120/M^3 =50400

B) ക്വാറിമക്ക്

കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് 37.5m^3

ആണ്.എന്നാൽ അളവ് അളവുപുസ്തകത്തിൽ $47.27m^3$ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

2. സിമന്റിന് അധികം തുക അനുവദിച്ചു.

എസ്റ്റിമേറ്റ് പ്രകാരം $37.5m^3$ പ്രവൃത്തി നിർവഹിക്കാൻ ആവശ്യമായ സിമന്റിന്റെ അളവ് 12000Kg (240 ബാഗ്) ആണ്. എം ബുക്ക് (പേജ് 16) പ്രകാരം ടി അളവിലാണ് പ്രവൃത്തി പൂർത്തിയാക്കിയതും. മാത്രവുമല്ല, പേജ് നം.7 ൽ സിമന്റ് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് 240 ബാഗ് മാത്രമാണ്. എന്നാൽ കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള 250 ബാഗിന് (12500Kg) 1,10,000/-രൂപ അനുവദിച്ചിട്ടുണ്ട്. ഒരു ബാഗിന് 440/- രൂപ നിരക്കിൽ 10 ബാഗിന് 4,400/- രൂപയും അധികം നൽകിയിട്ടുണ്ട്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/15.10.24), അറിവില്ലായ്മ കാരണമാണ് ക്രമ നം.1 അപാകത ഉണ്ടായതെന്നും അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും ക്രമ നം.2 ൽ പ്രവൃത്തിക്ക് ആവശ്യമായതിലും അധികമായ അളവിൽ സിമന്റിന് വില അനുവദിച്ചത് കാരണം അധികം ചെലവഴിച്ച 4,400/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു. തുക കരാറുകാരനിൽ നിന്നും ഈടാക്കാനായില്ല എങ്കിൽ ഉത്തരവാദിയായ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി മുപടി ലഭ്യമാക്കേണ്ടതാണ്.

1-33 കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയി® പ്രവ® ത്തിക്കുന്ന സംഘടനാ സംവിധാനമാണ് **ഹരിത കർ® മ്മ സേന**. പഞ്ചായത്തുകളും നഗരസഭകളും മു® കൈയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളി® ജൈവ മാലിന്യത്തിന്റെയും വാതി® പ്പടി ശേഖരണം നടത്തുന്നു. സ® ക്കാ® ഉത്തരവിന്റെ അടിസ്ഥാനത്തി® തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസ® ഫീ വാങ്ങിയാണ് ഇവ® വീടുകളി® നിന്നും സ്ഥാപനങ്ങളി® നിന്നും മാലിന്യത്തിന്റെ വാതി® പ്പടി ശേഖരണം നടത്തുന്നത്.

കേരള സ® ക്കാ® നടപ്പാക്കുന്ന ഹരിത കേരള മിഷ® പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബ® മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളി® ഹരിത ക® മ്മ സേനാരൂപീകരണം നടന്നത്.

2) <u>ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ സംഘാടനം, പ്രവർത്തനം</u>

രാമങ്കരി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം തുടങ്ങിയത് 2018 ഒക്ടോബർ 17നാണ്. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് വീതം 26 ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് 2022 ജൂൺ വരെ ക്ലീൻ കേരള കമ്പനിക്കും നിലവിൽ പ്ലാനറ്റ് എർത്ത് എക്കോസൊല്യൂഷൻസ് (ജൂലായ്, 2022 മുതൽ) എന്ന സ്ഥാപനത്തിനും കൈമാറുന്നു. ആദ്യസമയത്ത് വീടുകളിൽ നിന്നും 30/-രൂപയും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 50/-രൂപയുമായിരുന്ന യൂസർ ഫീസ് ഈടാക്കിയിരുന്നത്. ഇത് വർദ്ധിപ്പിച്ച് 2021, ഒക്ടോബർ മാസം മുതൽ വീടുകളിൽ നിന്നും 50/-രൂപയും വ്യപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപയും യൂസർ ഫീ ഈടാക്കി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ., എന്നിവരുടെ നേതൃത്വത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3) <u>പരിശീലനം ലഭിച്ചതിന്റെ വിവരം</u>

പ്ലാസ്റ്റിക് വേസ്റ്റുകളുടെ കൃത്യമായ വേർതിരിവ് സംബന്ധിച്ചും ജലസ്രോതസ്സുകളുൾപ്പെടെയുള്ള പരിസരങ്ങളിലേക്ക് ഖരമാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും കത്തിക്കുന്നതും കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക -ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചും ഹരിതകർമ്മ സേനക്ക് കില, ഹരിത സഹായ സ്ഥാപനമായ ഐആർറ്റിസി എന്നിവ മുഖേന കൃത്യമായ പരിശീലനം നൽകിയിട്ടുണ്ട്.

4) <u>പൊതുജനപങ്കാളിത്തം,പൊതുജന ബോധവൽക്കരണം</u>

ആകെ പതിമൂന്ന് വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 3264 റെസിഡൻഷ്യൽ കെട്ടിടങ്ങളും 340 സ്ഥാപനങ്ങളുമാണ് പ്രവർത്തിക്കുന്നത്. വിവിധ വാർഡുകളിലായി ആകെ 2154 വീടുകളും 231 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. യൂസർ ഫീസ് നൽകി പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സഹകരിക്കാത്ത സ്ഥാപനങ്ങൾക്കും വീടുകൾക്കും ആയത് ഒടുക്കുന്നതിന് നോട്ടീസ് നൽകി വരുന്നതായി വി.ഇ.ഒ. മറുപടിയിൽ അറിയിച്ചു. പഞ്ചായത്തിൽ നിന്നും നൽകുന്ന എല്ലാ സേവനങ്ങൾക്കും ഹരിതകർമ്മസേനയുടെ ഗ്രീൻ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ബോർഡുകൾ സ്ഥാപിച്ചും നോട്ടീസ് വിതരണം നടത്തിയും ഗ്രാമപഞ്ചായത്ത് തലത്തിലും സ്കൂൾതലത്തിലും ശിൽപശാലകൾ നടത്തിയും ഗ്രാമസഭകൾ വഴിയും ഹരിതകർമ്മസേനാംഗങ്ങൾ മുഖേന മാലിന്യസംസ്കരണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ബോധവൽക്കരണം നൽകിയിട്ടുണ്ട്.

5) <u>മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത</u>

എല്ലാ വാർഡുകളിലും രണ്ട് വീതം മിനി എം.സി.എഫും വാർഡ് 8-ൽ പ്രവർത്തിക്കുന്ന വാടക കെട്ടിടവുമാണ് മാലിന്യശേഖരണത്തിനായി ഗ്രാമപഞ്ചായത്ത് സജ്ജമാക്കിയിട്ടുള്ള കെട്ടിടങ്ങൾ. എം.സി.എഫ്. നിർമ്മാണത്തിനായി 2024-25 വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഓരോ മാസവും ഏകദേശം ഒരു ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും വിവിധ ഇനങ്ങളായി ഉറവിടത്തിൽത്തന്നെ വേർതിരിച്ച് പ്രത്യേകം സൂക്ഷിക്കുന്നു. വാടകകെട്ടിടത്തിലെ സ്ഥലപരിമിതി കാരണം ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം വാർഡുകളിൽ നിന്നും കുപ്പിച്ചില്ല്, തുണി, ഇ-വേസ്റ്റ്, ലെതർ എന്നിവ ശേഖരിക്കാൻ കഴിയുന്നില്ല. മുൻ വർഷങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം കൈമാറിയ ഇനത്തിൽ 1,59,672/- രൂപയും 2023-24 വർഷം പ്ലാനറ്റ് എർത്ത് എക്കോസൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 31269Kg പ്ലാസ്റ്റിക് മാലിന്യം കൈമാറി പ്രസ്തുത വർഷം 1,31,640/- രൂപയുടെ വരുമാനവും ലഭിച്ചിട്ടുണ്ട്.

6) <u>ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം</u>

ബ്ലോക്ക് പഞ്ചായത്തിൽ R.R.F കേന്ദ്രം ഇല്ലാത്തതിനാൽ പുനരുപയോഗിക്കുവാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പൊടിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള

സംവിധാനം ലഭ്യമല്ല. ആയതിനാൽ ആദ്യ കാലഘട്ടങ്ങളിൽ ഇവ ക്ലീൻ കേരള കമ്പനിക്കും നിലവിൽ പ്ലാനറ്റ് എർത്ത് എക്കോസൊല്യൂഷൻസിനുമാണ് നൽകുന്നത്. മുൻവർഷങ്ങളിൽ ലെഗസി വേസ്റ്റുകളുടെ ശേഖരണം മന്ദഗതിയിൽ ആയിരുന്നുവെങ്കിലും നിലവിൽ കൃത്യമായ രീതിയിൽ ആയതിന്റെ ശേഖരണം നടത്തുന്നുണ്ട്. കിലോഗ്രാമിന് 10 രൂപ ചുമത്തിയാണ് ക്ലീൻ കേരള കമ്പനി ഇവ ഏറ്റെടുത്തിരുന്നതെങ്കിൽ നിലവിൽ കിലോഗ്രാമിന് 8/- രൂപക്കാണ് പ്ലാനറ്റ് എർത്ത് എക്കോസൊല്യൂഷൻസ്,ആലുവ ഇത് ശേഖരിക്കുന്നത്. ലെഗസി വേസ്റ്റ് കൊണ്ടുപോകുന്നതിന് തുകനൽകൽ എന്ന പ്രോജക്ടിൽ (S0184/24) 30,240/-രൂപ പ്ലാനറ്റ് എർത്ത് എക്കോസൊല്യൂഷൻസിന് (ഇൻവോയിസ് നം. PE914/01.01.24) നൽകിയിട്ടുണ്ട്. (3780Kgന് 8/-രൂപ നിരക്കിൽ 30,240/-രൂപ) കൂടാതെ, മുൻവർഷങ്ങളിൽ ലെഗസി വേസ്റ്റ് കൈമാറിയതിന് ക്ലീൻ കേരള കമ്പനിക്ക് 70,000/-രൂപയും ഇതേ പദ്ധതിയിൽ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

7) <u>മാലിന്യ നീക്കത്തിന്റെ വിശദാംശം</u>

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് വീതം മിനി എം.സി.എഫുകൾ (ശുചിത്വ മിഷൻ മാനദണ്ഡം അനുശാസിക്കും വിധം വലുപ്പത്തിലുള്ളത്) പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ ട്രോളി സൌകര്യം വീടുകളിൽ നിന്നും മിനി എം.എസി.എഫിലേക്കുള്ള മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്നു. 9,12 വാർഡുകളിൽ ട്രോളികൾ ഇല്ലാത്തത് ഇവിടങ്ങളിലെ മാലിന്യ നീക്കത്തിന് തടസ്സമാകുന്നു. മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ഇലക്ട്രിക് ഓട്ടോ ഉപയോഗിക്കുന്നു.

8) <u>ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം</u>

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായേക്കാവുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവർക്ക് വേണ്ട ദിശാബോധം നൽകുന്നതിനുമുള്ള ഒരു സംഘടന ആയിട്ടാണ് ഹരിതകർമ്മസേന കൺസോർഷ്യം പ്രവർത്തിക്കുന്നത്.അജൈവ മാലിന്യ ശേഖരണം മുത® അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവ® ത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭക® ക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയും ചെയ്യുന്നതോടൊപ്പം

ഹരിതസേനാംഗങ്ങൾ നേരിടുന്ന വെല്ലുവിളികൾ തദ്ദേശസ്ഥാപനത്തിന്റെയും അത് വഴി സർക്കാരിന്റെയും ശ്രദ്ധയിൽ പ്പെടുത്തുന്നതിന് കൺസോർഷ്യം പ്രധാന പങ്ക് വഹിക്കുന്നു. പഞ്ചായത്തിലെ ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് 2019 നവംബർ മാസം ഹരിതക® മസേന ക® സോ® ഷ്യം രൂപീകരിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കാണ് കൺസോർഷ്യത്തിന്റെ ചുമതല. കൺസോർഷ്യത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ, 2023-24 വർഷം എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തി ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുൾപ്പെടെ എല്ലാവരും തന്നെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മികച്ചതാക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ഇലക്ട്രിക് വാഹനം ഓടിക്കുന്നതിന് സേനാംഗങ്ങൾക്ക് പരിശീലനം ലഭിക്കാത്തതിനാൽ ഡ്രൈവറുടെ വേതനമിനത്തിലുള്ള തുകയും (പ്രതിമാസം ശരാശരി 3,000/-രൂപ) ഈ വരുമാനത്തിൽ നിന്നുമാണ് നൽകുന്നത്. ബാക്കി തുക അംഗങ്ങൾക്ക് തുല്യമായി വീതീച്ചു നൽകുകയും ചെയ്യുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 5,000/- രൂപ മാത്രമാണ് വേതനം ലഭിക്കുന്നത്. കേരള ഗ്രാമീൺബാങ്കിന്റെ രാമങ്കരി ശാഖയിലാണ് കൺസോർഷ്യത്തിന്റെ അക്കൌണ്ട്. (അക്കൌണ്ട് നം.40644101072398) 31.03.24 ൽ 1,87,208/- രൂപയും 07.10.24-ൽ 2,26,728/- രൂപയും ടി അക്കൌണ്ടിൽ നീക്കിയിരുപ്പുണ്ട്.

9) <u>കൺസോർഷ്യം മുഖേനയുള്ള തൊഴിൽ പരിശീലനങ്ങൾ</u>

കൺസോർഷ്യം മുഖേന ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽപരിശീലനം നൽകിയിട്ടില്ല.

10) <u>അംഗങ്ങൾക്കുള്ള അടിസ്ഥാന സൌകര്യങ്ങൾ</u>

എം.സി.എഫിൽ സേനയിലെ അംഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ളതും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നതായും വി.ഇ.ഒ. അറിയിച്ചു. ഹരിതകർമ്മസേനയിൽ പ്രവർത്തിച്ചു വന്ന അംഗങ്ങൾ ഇടക്ക് വെച്ച് പ്രവർത്തനം അവസാനിപ്പിച്ച് പോയതിനാൽ പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തി 2024, സെപ്തംബർ മാസത്തോടെയാണ് സേനാംഗങ്ങളുടെ എണ്ണം 26 ആയത്. 2022-23 വർഷം 22 അംഗങ്ങൾക്ക് പുതുതായി യൂണിഫോം വാങ്ങി

നൽകിയിട്ടുണ്ട്. 2023-24 വർഷം പുതുതായി ചേർന്ന നാല് അംഗങ്ങൾക്ക് നിലവിലും യൂണിഫോം ലഭിച്ചിട്ടില്ല.

11) <u>ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>

എ) ശുചിത്വ മിഷൻ മാനദണ്ഡം അനുശാസിക്കും വിധം വലുപ്പത്തിലുള്ള എം.സി.എഫിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) വീടുകളിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മിനി എം.സി.എഫുകളിലേക്ക് എത്തിക്കുന്നതിന് 9,12 വാർഡുകളിലും ട്രോളി സൌകര്യം ഏർപ്പെടുത്താവുന്നതാണ്.

സി) കൺസോർഷ്യം മുഖേന ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽപരിശീലനം നൽകി വരുമാനദായകമായ സംരംഭങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

ഡി) ഹരിതകർമ്മസേനയിലെ എല്ലാ അംഗങ്ങൾക്കും യൂണിഫോം നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ) ആരോഗ്യ – പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി പുനരുപയോഗയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉപയോഗം കുറക്കേണ്ടതും പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാവുന്നതുമാണ്.

എഫ്) മാലിന്യ രഹിത കേരളം എന്ന ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിനാകും വിധം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ജി.എസ്.ടി. അധിക നിരക്കിൽ നൽകി

പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ വിവിധ തോടുകളിലെ ചെളി നീക്കൽ, പോള വാരൽ തുടങ്ങിയ പ്രവൃത്തികളിൽ കരാറുകാരന് അനുവദനീയമായതിലും അധികം നിരക്കിൽ ജി.എസ്.ടി. അനുവദിച്ചു നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 18% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിരുന്നു. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).പിന്നീട് നികുതി വകുപ്പിന്റെ 18.07.22 ലെ ജി.ഒ (പി) നം.82/2022 -ാം നമ്പർ ഉത്തരവ് പ്രകാരം 01.01.22 മുതൽ പുതുക്കിയ GST നിരക്കനുസരിച്ച് 75 % ലേറെ എർത്ത് വർക്ക് പ്രവൃത്തികൾ മാത്രം ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് 12% ഉം, മറ്റ് മരാമത്ത് പ്രവൃത്തികൾക്ക് 18 % ഉം ആയി പുതുക്കി നിശ്ചയിച്ചിരുന്നു. അതിൻ പ്രകാരം അനുവദനീയമായ 12% ജി.എസ്.റ്റിക്ക് പകരം 18% GST അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം അധികചെലവ് വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ/	ഇന വിവരം/ നിർവ്വഹിച്ച	നൽകിയ തുക(18% GST	അനുവദിക്കാവുന്ന തുക	അധികം നൽകിയത്

കരാറുകാരൻ/ ചെലവ് വിവരം	അളവ്/ പ്രവൃത്തി മൂല്യം	ഉൾപ്പെടെ) / നിരക്ക്/M^3	12% GST ഉൾപ്പെടെ	
172/24 ശ്യാം എൽ.എം. 1)1,36,830/- രൂപ, ബിൽ നം.399/23-24; Dt.25.03.24	തോട്ടിൽ നിന്നും ചെളിയും പായലും വാരി മാറ്റൽ / 14866.40m^3 / 1,15,958/-രൂപ	136830/ 7.80/Sq.M	129873/-	6957

മേൽ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/14.10.24) ലഭ്യമാക്കിയ മറുപടിയിൽ പാർട്ട് ബില്ലിലെ റീ ടെൻഷൻ തുകയിൽ നിന്നും, കരാറുകാരന്റെ പക്കൽ നിന്നും ഈ തുക തിരികെ ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3-2 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്

43-ാം നമ്പർ അങ്കണവാടിക്ക് റൂഫിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. അങ്കണവാടിയുടെ പാരപ്പറ്റ് നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് നൽകി

43-ാം നമ്പർ അങ്കണവാടി റൂഫിംഗ് എന്ന ഈ പ്രവൃത്തിയിൽ 5-ാം ഇനമായി അങ്കണവാടിയുടെ പാരപ്പറ്റ് നിർമ്മാണം സോളിഡ് ബ്ലോക്ക് മേസനറി ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുണ്ട്. ആയതിന് Solid Block Masonary Of Size 30x20x15 For Superstructure Above Floor Two Level Up To Floor Five

Level Thickness 15 Cm And Above In Cm 1:6 എന്നതിനുള്ള നിരക്കായ 8189.77/M^3 എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൽപ്പെടുത്തി ടെണ്ടർ ചെയ്തത് (സ്പെസിഫിക്കേഷൻ കോഡ് 50.6.2.3). ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 7772.09/M^3 (5.11% കുറച്ച്) ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. അളവു പുസ്തകം പ്രകാരം 3.411 M^3 അളവിൽ ഈ പ്രവർത്തി നിർവ്വഹിച്ചിട്ടുണ്ട്. അങ്കണവാടിയുടെ പാരപ്പറ്റ് നിർമ്മിക്കുന്നതിന് സ്പെസിഫിക്കേഷൻ കോഡ് 50.6.2.2 പ്രകാരമുള്ള Solid Block Masonary Of Size 30x20x15 For Superstructure Up To Floor Two Level 15 Cm And Above In Cm 1:6 Complete എന്നതിനുള്ള നിരക്കായ 7153.24/M^3 എന്ന നിരക്കിൽ നിന്നും 5.11 % കുറച്ചുള്ള നിരക്കായ 6787.70/M^3 എന്ന നിരക്ക് അനുവദിച്ചു നൽകിയാൽ മതിയാകും. എന്നാൽ ഉയർന്ന നിരക്ക് അനുവദിച്ചു നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

അനുവദനീയമായത് – 3.411 M^3 X 6787.70/ M^3 = 23152/-

നൽകിയത് – 3.411 M^3 X 7772.09/ M^3 = 26510/-

അധികം നൽകിയത് – 26510 – 23152 = 3358 + 604 (18% GST) = 3962/- രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/10.10.24) ലഭ്യമാക്കിയ മറുപടിയിൽ ഒന്നാം പാർട്ട് ബില്ലിലെ റീ ടെൻഷൻ തുകയിൽ നിന്നും ഈ തുക പിടിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധിക നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയും, ആയത് അനുവദിച്ചു നൽകുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

<u>അനുബന്ധ വിവരങ്ങൾ-</u>

പ്രവൃത്തിയുടെ പേര്	43-ാം നമ്പർ അങ്കണവാടി റൂഫിംഗ് പ്രോജക്ട് നം.S0143/23
അടങ്കൽ	5 ലക്ഷം

നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	കെ.കെ.വർക്കി
അളവു പുസ്തകം	96903/2022
ചെയ്ത പ്രവൃത്തിയുടെ മൂല്യം	3,87,182/- (18% GST ഉൾപ്പെടെ)
ചെലവ് വിവരം	ബിൽ നം.4/23-24,10.10.23 തുക 1,05,457/- (ഫൈനൽ ബിൽ)

3-3 എം.ജി.എൻ.ആർ.ഇ.ജി.എസ്.-മൂലശ്ശേരി മുതൽ കൊച്ചുതറ വരെ റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തി (വാർഡ് -2)-സിമന്റിന് അധികം തുക അനുവദിച്ചു

മൂലശ്ശേരി മുതൽ കൊച്ചുതറ വരെ റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തി (വാർഡ് -2) നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ അധികം അളവിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നു-
A) ഗ്രഡ് എർത്ത്

ഇനം/നിരക്ക് / അളവ് പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള അളവ്/ കൺസോളിഡേഷൻ നിരക്ക്.	വർക്ക് കോഡ്/ കരാറുകാരൻ /FTO No./എം. ബുക്ക് നമ്പർ	എം ബുക്ക് പ്രകാരം അനുവദിച്ച അളവ്/ തുക	കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവ്	കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ല് പ്രകാരമുള്ള അളവിൽ നിന്നും 10% കൺസോളിഡേഷന് ശേഷം അനുവദനീയമായ അളവ്./

				അനുവദനീയമായ തുക
ഗ്രഡ് എർത്ത് ഫില്ലിംഗ്/@1120/ 60.85/ 10%	Rc 347193/ ഗ്രിഗറി/162642/ 07.10.23/ 212/21-22	48 M^3/ 53760	50 M^3	50m^3 -5m3 =45m^3 45m^3 X1120/M^3 =50400

B) <u>ക്വാറിമക്ക്</u>

കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് 37.5m^3 ആണ്.എന്നാൽ അളവ് അളവുപുസ്തകത്തിൽ 47.27m^3 സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.
2. സിമന്റിന് അധികം തുക അനുവദിച്ചു.

എസ്റ്റിമേറ്റ് പ്രകാരം 37.5m^3 പ്രവൃത്തി നിർവഹിക്കാൻ ആവശ്യമായ സിമന്റിന്റെ അളവ് 12000Kg (240 ബാഗ്) ആണ്. എം ബുക്ക് (പേജ് 16) പ്രകാരം ടി അളവിലാണ് പ്രവൃത്തി പൂർത്തിയാക്കിയതും. മാത്രവുമല്ല, പേജ് നം.7 ൽ സിമന്റ് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് 240 ബാഗ് മാത്രമാണ്. എന്നാൽ കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള 250 ബാഗിന് (12500Kg) 1,10,000/-രൂപ അനുവദിച്ചിട്ടുണ്ട്. ഒരു ബാഗിന് 440/- രൂപ നിരക്കിൽ 10 ബാഗിന് 4,400/- രൂപയും അധികം നൽകിയിട്ടുണ്ട്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/15.10.24), അറിവില്ലായ്മ കാരണമാണ് ക്രമനം.1 അപാകത ഉണ്ടായതെന്നും അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും ക്രമ നം.2 ൽ പ്രവൃത്തിക്ക് ആവശ്യമായതിലും അധികമായ അളവിൽ സിമന്റിന് വില അനുവദിച്ചത് കാരണം അധികം ചെലവഴിച്ച 4,400/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു. തുക കരാറുകാരനിൽ നിന്നും ഈടാക്കാനായില്ല എങ്കിൽ ഉത്തരവാദിയായ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	9,60,000	ലൈഫ് ഭവനപദ്ധതി ജനറൽ	9,60,000	0
ബ്ലോക്ക്പഞ്ചായത്ത്	2023-24	99,904	പാലിയേറ്റീവ് പരിചരണപദ്ധതി	99,904	0
ബ്ലോക്ക്പഞ്ചായത്ത്	2023-24	1,50,000	അങ്കണവാടി പോഷകാഹാരപദ്ധതി	1,50,000	0
ബ്ലോക്ക്പഞ്ചായത്ത്	2023-24	4,94,050	ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	94,050	0
ബ്ലോക്ക്പഞ്ചായത്ത്	2023-24	12,60,000	ലൈഫ് ഭവനപദ്ധതി എസ് സി	12,60,000	0
ആകെ		25,63,954		25,63,954	0
ജില്ലാ പഞ്ചായത്ത്	2023-24	99,979	പാലിയേറ്റീവ് പരിചരണപദ്ധതി	99,979	0

ജില്ലാ പഞ്ചായത്ത്	2023-24	3,00,000	ലൈഫ് ഭവനപദ്ധതി (ജനറൽ)	3,00,000	0
ജില്ലാ പഞ്ചായത്ത്	2023-24	1,70,000	അങ്കണവാടി പോഷകാഹാരപദ്ധതി	1,70,000	0
ജില്ലാ പഞ്ചായത്ത്	2023-24	65,550	ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	65,550	0
ആകെ		6,35,529		6,35,529	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പതുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	റിമാർക്ക്സ്
				മുതൽ	പലിശ		
Life Mission		55,00,000	19,38,853	8,53,145		65,85,708	

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	10,00,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	10,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	10,00,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	റിമാർക്സ്
	സബ് ട്രഷറി, മങ്കൊമ്പ്	26.10.21	3 വർഷം	10,00,000	7990105017334933
ആകെ				10,00,000	

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,10,560/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയതി

2011-12	3-8	40,560	ഡോ.ജോസ് മാത്യൂ, വെറ്ററിനറിസർജൻ	Chalan No.KL010837260202324 /01.07.23
2022-23	1-24	70,000	കുടുംബശ്രീ, രാമങ്കരി	ചെക്ക് നം. 037867/19.01.2024
ആകെ		1,10,560		

വാർഷിക കണക്കുമായുള്ള വ്യത്യാസം അപാകതയായി ഖ. 1-1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	2,98,24,725
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,93,47,762
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	27,199/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	5,28,419/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

	വരവ് നഷ്ടം	ചെലവ് നഷ്ടം	
3-1	-	6,957	ശ്രീ.ബെനഡിക്ട് വി.ജെ., അസിസ്റ്റന്റ് എഞ്ചിനീയർ
3-2	-	1,981	ശ്രീമതി ലില്ലിക്കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ(എസ്റ്റിമേറ്റ് തയ്യാറാക്കിയത്)
		1,981	ശ്രീ.ബെനഡിക്ട് വി.ജെ. അസിസ്റ്റന്റ് എഞ്ചിനീയർ(ബിൽ തുക നൽകിയത്)
ആകെ	-	10,919/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	
1-19	42,000	ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി	
1-21	15,664	ശ്രീമതി അമൃതലക്ഷ്മി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ	
1-23	1,60,000	1,20,000	ശ്രീമതി പ്രസീത വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
		40,000	ശ്രീമതി സ്മിത ആർ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
1-25	1,43,755	ഡോ.വിനീത പി.എം., മെഡിക്കൽ ഓഫീസർ (ഹോമിയോ)	
1-26	1,20,000	ശ്രീ.സജി പി., അസിസ്റ്റന്റ് സെക്രട്ടറി	

1-27	47,000	ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി
ആകെ	5,28,419	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	4,400/-	1) ശ്രീ.ജോബി ജേക്കബ്, അക്രെഡിറ്റഡ് എഞ്ചിനീയർ 2) ശ്രീ.സജി പി., അസിസ്റ്റന്റ് സെക്രട്ടറി
1-30	11,880/-	1) ശ്രീ.ജോബി ജേക്കബ്, അക്രെഡിറ്റഡ് എഞ്ചിനീയർ 2) ശ്രീ.സജി പി., അസിസ്റ്റന്റ് സെക്രട്ടറി
ആകെ	16,280/-	

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി	സെക്രട്ടറി, രാമങ്കരി ഗ്രാമ പഞ്ചായത്ത്	സൗപർണ്ണിക, പൂന്തോപ്പ്

		അവലൂക്കുന്ന് പി.ഒ., ആലപ്പുഴ
ശ്രീ.ബെനഡിക്ട് വി. ജെ., അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ പുന്നപ്ര സൌത്ത് ഗ്രാമപഞ്ചായത്ത്	വടക്കൻ പറമ്പ്, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ
ശ്രീമതി പ്രസീത വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലവടി ഗ്രാമ പഞ്ചായത്ത്	ചേന്നക്കൽവെളി വാടക്കൽ പി.ഒ., ആലപ്പുഴ
ശ്രീമതി സ്മിത ആർ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, രാമങ്കരി ഗ്രാമ പഞ്ചായത്ത്	തിരുനെല്ലി, കൊറ്റംകുളങ്ങര അവലൂക്കുന്ന് പി.ഒ.
ശ്രീ.സജി പി. അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി രാമങ്കരി ഗ്രാമ പഞ്ചായത്ത്	മുരിക്കൽ ഹൌസ്, കുത്തിയതോട് പി.ഒ., ചേർത്തല, ആലപ്പുഴ
ഡോ.വിനീത പി.എം. മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ ജി.എച്ച്.ഡി., രാമങ്കരി	ഇരുപതിൽച്ചിറ, പുന്നപ്ര പി.ഒ., ആലപ്പുഴ
ശ്രീമതി അമൃതലക്ഷ്മി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വീയപുരം ഗ്രാമപഞ്ചായത്ത്	വടക്കേഅയ്യത്ത് വീട്, നീർക്കുന്നം പി.ഒ., വണ്ടാനം
ശ്രീ.ജോബി ജേക്കബ്, അക്രഡിറ്റഡ്	അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്., രാമങ്കരി ഗ്രാമപഞ്ചായത്ത്	നെല്ലുവേലിയിൽ ഹൌസ്, രാമങ്കരി

എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്.		പി.ഒ., ആലപ്പുഴ-689595
ശ്രീമതി ലില്ലിക്കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്	പുത്തൻപറമ്പിൽ ആഷ്നഭവൻ, തെക്കേക്കര പി.ഒ., മങ്കൊമ്പ്

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1994-95, 1995-96	എൽ.എഫ്.എ.10/937/97/30.05.1999
1999-00	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2006-07	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2010-11	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2011-12, 2012-13	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2013-14	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2014-15	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023

2015-16	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2016-17	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2017-18	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2018-19	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2019-20	കെ.എസ്.എ-എ.എൽ.പി/പി-9-348/2021 തീയതി 26.04.2021
2020-21	കെ.എസ്.എ-എ.എൽ.പി/പി-10-164/2022 തീയതി 19.03.2022
2021-22	കെ.എസ്.എ-എ.എൽ.പി/പി-10-1675/2022 തീയതി 25.01.23
2022-23	കെ.എസ്.എ-എ.എൽ.പി/പി-10-1275/2023 തീയതി 07.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 30-05-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ramankary Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and

according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ramankary Grama Panchayat as on 31-03-2024

Date: 29/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Ramankary Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1. Mandatory Financial Statement,Ratios not submitted with AFS

2. The DCB Report from Sanchaya software do not match with AFS.

3. Amounts received during the year 23-24 under audit recovery are not included in cocerned head of AFS(RP-10 -180400103)

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്